# Deepika

## 25 August 2018

## Kochi; Flood, Drinking Water Crises , Disaster Management



### കുടിവെള്ളക്ഷാമം ഉടൻ പരിഹരിക്കണം: എംഎൽഎ

**കൊച്ചി:** എറണാകുളം നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലുള്ള കുടിവെള്ള ക്ഷാമം ഉടൻ പരിഹരിക്കണമെന്നു ഹൈബി ഈഡൻ എംഎൽഎ. എളമക്കര, വടുതല, കൊറങ്കോട്ട, പച്ചാളം, ചിറ്റൂർ, ഇടയക്കുന്നം, ചേരാനെല്ലൂർഫെറി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. വാട്ടർ അഥോറിറ്റി പമ്പിംഗ് തുടങ്ങിയെങ്കിലും ഈ പ്രദേശങ്ങളിൽ ഇനിയും കുടിവെള്ളം ലഭ്യമായിട്ടില്ല.

ചേരാനെല്ലൂർ പഞ്ചായത്തിലെ കൊറങ്കോട്ട ദ്വീപിൽ വെള്ളമിറങ്ങിയിട്ടും പൈപ്പ് പൊട്ടിയതിനാൽ പ്രദേശവാസികൾക്ക് വീടുകളിൽ തിരിച്ചെത്താൻ കഴിഞ്ഞിട്ടില്ല. ഇവിടെ 120 മീറ്റർ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് വാട്ടർ അഥോറിറ്റിക്ക് നിർദേശം നൽകിയതായി എംഎൽഎ പറഞ്ഞു. മന്ത്രി പങ്കെടുത്ത യോഗത്തിൽ പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ ഊർജിതമാക്കണമെന്നു നിർദേശിച്ചിരുന്നെങ്കിലും കാര്യക്ഷമമായ രീതിയിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ അഥോറിറ്റിക്ക് കഴിയുന്നില്ലെന്നും എംഎൽഎ ചൂണ്ടിക്കാട്ടി.

### വൈപ്പിനിൽ ശേഷിച്ച ദുരിതാശ്വാസ ക്യാമ്പുകളും പിരിച്ചുവിട്ടു

**വൈപ്പിൻ:** വൈപ്പിൻകരയിൽ ശേഷിച്ച രണ്ട് ദുരിതാശ്വാസ ക്യാമ്പുകളും ഇന്നലെ രാവിലെ പിരിച്ചുവിട്ടു.

എടവനക്കാട് ഗവ. യുപി സ്കൂളിലെയും നായരമ്പലം ദേവിവിലാസം സ്കൂളിലെയും ക്യാമ്പുകളിലായി 95 കുടുംബങ്ങളിൽ നിന്നും ആകെ 3,33 പേരാണ് ശേഷിച്ചിരുന്നത്.

പ്രളയത്തെത്തുടർന്ന് വൈപ്പിനിൽ 52 ഓളം ക്യമ്പുകളിലായി 65,000 പേരാണ് കഴിഞ്ഞിരുന്നത്.

### പ്രളയബാധിതർക്ക് മാനസിക പിന്തുണയേകാൻ ലൂർദ് ആശുപത്രിയുടെ ഹെൽപ്പ്ലൈൻ

**കൊച്ചി:** പ്രളയദുരന്തങ്ങളിൽപ്പെട്ട കൊച്ചി നിവാസികൾക്ക് സാന്ത്വനസ്പർശവുമായി ലൂർദ് ആശുപത്രിയുടെ മെഡിക്കൽ വിഭാഗം സജ്ജമായി.

ഇതുവരെയുള്ള സമ്പാദ്യം നഷ്ടപ്പെടുന്നത് കൺമുന്നിൽ കണ്ടു നിൽക്കേണ്ടിവരുമ്പോൾ മനസിനേൽക്കുന്ന ആഘാതങ്ങൾ ആത്മഹത്യയിൽ വരെ എത്തിച്ച സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാനും ദുരിതബാധിതരെ മാനസിക വിഷമതകളിൽനിന്നു കരകയറാൻ സഹായിക്കാനുമായി ലൂർദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയൽ സയൻസസ് വിഭാഗമാണ് ഹെൽപ്പ് ലൈൻ ആരംഭിച്ചത്.

വിഷാദത്തിന്റെ ലക്ഷണങ്ങൾ, ആത്മഹത്യ പ്രവണത, ഉറക്കത്തിലുള്ള പ്രശ്നങ്ങൾ, വിശപ്പില്ലായ്മ, ദുരന്താനുഭവത്തിന്റെ ആവർത്തിച്ചുള്ള സ്വപ്നങ്ങളും ഓർമകളും ബുദ്ധിമുട്ടായി അനുഭവപ്പെടുക, വൈകാരിക പ്രതികരണശേഷി നഷ്ടപ്പെട്ട് ഒറ്റയ്ക്കിരിക്കുക, മറ്റേതെങ്കിലും തരത്തിലുള്ള അസാധാരണ പെരുമാറ്റങ്ങൾ കാണിക്കുക എന്ന ലക്ഷണങ്ങൾ കണ്ടാൽ 9496000221 എന്ന ഹെൽപ്പ്ലൈൻ നമ്പറിൽ വിളിക്കണം. സാമൂഹിക സാംസ്കാരിക സംഘടനങ്ങൾ വഴിയോ, റെസിഡന്റ്സ് അസോസിയേഷൻ മുഖാന്തിരമോ ആരാധനാലയങ്ങൾ വഴിയോ കൂടുതൽ ആളുകൾക്ക് നമ്പറിൽ വിളിച്ച് സേവനം തേടാവുന്നതാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.